**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 230** **23-01-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ അവയവദാന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്‌തീൻ ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അവയവദാന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | അവയവദാനം സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ കൂടുതൽ ബോധവൽക്കരണം ആവശ്യമുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, അവയവദാനത്തിന്റെ ആവശ്യകതയും പ്രാധാന്യവും പൊതുജനങ്ങൾ മനസിലാക്കുന്നതിനു വേണ്ടി കെസോട്ടോ കേരളത്തിലുടനീളം ബോധവൽക്കരണ ക്ലാസ്സുകളും ശില്പശാലകളും സംഘടിപ്പിച്ചുവരുന്നു. ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടി അവയവദാനത്തിന്റെ ശാസ്ത്രീയ വശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ശില്പശാലകൾ ആശുപത്രികളിൽ സംഘടിപ്പിച്ചു വരുന്നു. കൂടാതെ സമൂഹ മാധ്യമങ്ങളിലൂടെ കൂടുതൽ ബോധവൽകരണ പ്രചാരണ പരിപാടികൾ കെസോട്ടോ നടത്തി വരുന്നു. അവയവദാനം, അവയമാറ്റ ശസ്ത്രക്രിയകൾ എന്നിവ കൂടുതൽ ശാസ്ത്രീയവും കാര്യക്ഷമവുമായി നടത്തുന്നതിലേക്കായി പ്രോട്ടോകോൾ തയാറാക്കുവാൻ ഉദ്ദേശിക്കുന്നു. അവയവദാനം, അവയമാറ്റ ശസ്ത്രക്രിയകൾ എന്നിവയുടെ നിയന്ത്രണത്തിനും മേൽനോട്ടത്തിനുമായി വിദഗ്ധ കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും അവയവദാന സന്ദേശം പ്രചരിപ്പിക്കുന്നതിനുമായി കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാ ഓർഗനൈസേഷൻ (കെ-സോട്ടോ), 'മൃതസഞ്ജീവനി ജീവനേകാം ജീവനാകാം' എന്ന പേരിൽ ആറുമാസത്തേക്ക് സോഷ്യൽ മീഡിയാ ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. കെ സോട്ടോ വെബ് സൈറ്റ് വഴി മരണാനന്തര അവയവദാന സമ്മതപത്രം സമർപ്പിക്കാനും സൗകര്യമുണ്ട്. |
| (ബി) | അവയവദാന പ്രവർത്തനരംഗത്ത് കെ-സോട്ടോയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | മരണാനന്തര അവയവദാനത്തിനായി സമഗ്രമായ പ്രോട്ടോകോളുകളും, SOP യും തയ്യാറാക്കിയ ഇന്ത്യയിലെ തന്നെ ആദ്യ സംസ്ഥാനം കേരളമാണ്. മസ്തിഷ്ക മരണം നിർണ്ണയിക്കുന്നതിനും, മസ്തിഷ്ക മരണം സ്ഥിരീകരിച്ച ശേഷം അവയവദാനം തിരഞ്ഞെടുക്കാത്ത അവസരങ്ങളിൽ രോഗികൾക്ക് വെന്റിലേറ്റർ സപ്പോർട്ട് നിർത്തിവെയ്ക്കുന്നതിനുമുള്ള മാതൃകാപരമായ ഉത്തരവ് ആദ്യം നടപ്പിലാക്കിയത് കേരളത്തിലാണ്. 2016 ന |

<table>
<tr><td></td><td></td><td></td><td>ശേഷം പൊതു സമൂഹത്തിൽ ചില തെറ്റായ പ്രചാരണങ്ങൾ ശക്തിപ്രാപിക്കുകയും പൊതുജനങ്ങൾക്കിടയിൽ അവയവദാനത്തെക്കുറിച്ച് ആശങ്ക ജനിപ്പിക്കാൻ ഇടയാക്കുകയും ചെയ്തു. ഇതിന്റെ ഫലമായി മസ്തിഷ്ക മരണാനന്തര അവയവദാനത്തിൽ കുറവ് ഉണ്ടാകുകയും ചെയ്തു. ഇതിനുള്ള പരിഹാര നടപടിയായി നേരത്തെ ഉണ്ടായിരുന്ന കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിങ് നെ ലയിപ്പിച്ച് കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസഷൻ രൂപീകരിക്കുകയുണ്ടായി. അവയവദാന പ്രക്രിയ കൂടുതൽ സുതാര്യവും നിഷ്പക്ഷവും ആക്കുന്നതിനു വേണ്ടിയാണ് സർക്കാർ കെ സോട്ടോ രൂപീകരിച്ചിട്ടുള്ളത്. മരണാനന്തര അവയവദാനത്തിന്റെ മഹത്തായ മാനവിക മൂല്യത്തെക്കുറിച്ച് പൊതു സമൂഹത്തിൽ അവബോധം സൃഷ്ടിക്കുന്നതിൽ കെ-സോട്ടോ വലിയ പങ്കു വഹിച്ചു. കെ-സോട്ടോയുടെ അനുദിന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും വിലയിരുത്തുന്നതിനുമായി ആരോഗ്യവകുപ്പ അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായ എക്സിക്യൂട്ടീവ് കമ്മിറ്റിയും നയപരമായ കാര്യങ്ങൾ മേൽനോട്ടം നിർവഹിക്കുന്നതിന് ബഹു. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി അധ്യക്ഷ ആയ ഗവേർണിംഗ് ബോഡിയും നിലവിലുണ്ട്. ഈ കമ്മിറ്റികൾ കെ-സോട്ടോയുടെ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തി വരുന്നു.</td></tr>
<tr><td>(സി)</td><td>സംസ്ഥാനത്ത് വിവിധ അവയവങ്ങൾക്കായി ബുക്ക് ചെയ്തു കാത്തിരിക്കുന്ന ആവശ്യക്കാരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വെളിപ്പെടുത്തുമോ;</td><td>(സി)</td><td>സംസ്ഥാനത്ത് വിവിധ അവയവങ്ങൾക്കായി ബുക്ക് ചെയ്തു കാത്തിരിക്കുന്നവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>അവയവം</th><th>പുരുഷൻ</th><th>സ്ത്രീ</th><th>ആകെ</th></tr>
<tr><td>ഹൃദയം</td><td>54</td><td>26</td><td>80</td></tr>
<tr><td>വൃക്ക</td><td>1477</td><td>581</td><td>2058</td></tr>
<tr><td>കരൾ</td><td>345</td><td>47</td><td>392</td></tr>
<tr><td>ശ്വാസകോശം</td><td>1</td><td>0</td><td>1</td></tr>
<tr><td>പാൻക്രിയാസ്</td><td>1</td><td>1</td><td>2</td></tr>
<tr><td>ചെറുകുടൽ</td><td>3</td><td>0</td><td>3</td></tr>
<tr><td>ഒന്നിൽ കൂടുതൽ അവയവത്തിനായി രജിസ്റ്റർ ചെയ്തു കാത്തിരിക്കുന്നവർ</td><td>19</td><td>4</td><td>23</td></tr>
<tr><td>ആകെ</td><td></td><td></td><td>2559</td></tr>
</table></td></tr>
<tr><td>(ഡി)</td><td>രോഗികൾക്കും, ആശുപത്രികൾക്കും, പൊതുജനങ്ങൾക്കും തൽസമയംതന്നെ വിവരങ്ങൾ അറിയത്തക്കവിധം ഇതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് സഹായകമായ എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?</td><td>(ഡി)</td><td>നിലവിലില്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ